**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4449** **29-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതൊക്കെയാണെന്നും ഇവയുടെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിലെ അഴകത്തുകളം, പള്ളിപ്പുറമ്പ് പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത കോളനികളിലെ നവീകരണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. അഴകത്തുകളം പട്ടികജാതി കോളനി: 1. ഉൾറോഡ്, നടപ്പാത നിർമ്മാണം, സോളാർ തെരുവ് വിളക്ക്,സാനിറ്റേഷൻ, പൊതു സൗകര്യങ്ങളുടെ വികസനം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2. കുടിവെള്ള പദ്ധതി ,വീട് റിപ്പയർ എന്നിവ പുരോഗമിക്കുന്നു. 3. കാലിത്തൊഴുത്ത് പത്തിൽ ഒൻപതെണ്ണം പൂർത്തിയായിട്ടുണ്ട്. പള്ളിപ്പുറമ്പ് പട്ടികജാതി കോളനി: 1. ഉൾറോഡ് നടപ്പാത നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, അടുക്കളത്തോട്ടം, സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2. വീട് റിപ്പയർ 90 ശതമാനം പൂർത്തിയായി. 3. കുടിവെള്ളപദ്ധതി 80 ശതമാനം പൂർത്തിയായി. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതി കോളനികളെ തിരഞ്ഞെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ